**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1392** **30-08-2022 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര ശ്രീ വാസുദേവാശ്രമം സ്കൂൾ സർക്കാർ ഏറ്റെടുത്ത നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര ശ്രീ വാസുദേവാശ്രമം സ്കൂൾ സർക്കാർ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടിക്രമം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | (എ) | സ.ഉ (കൈ)നം.159/1967/പൊ.വി.വ തീയതി 10.04.1967, സ.ഉ(കൈ)നം.479/1970/പൊ.വി.വ തീയതി 18.11.1970 എന്നിവയിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടെന്ന വ്യവസ്ഥയോടെ കോഴിക്കോട് ജില്ലയിൽ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന നടുവണ്ണൂർ ശ്രീ വാസുദേവാശ്രമം ഹയർ സെക്കന്ററി സ്കൂൾ ഏറ്റെടുക്കുന്നതിന് സ.ഉ (സാധാ)നം. 3392/2022/ പൊ.വി.വ തീയതി 04.06.2022 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടറെ ചുമതലപ്പെടുത്തി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിന്ന് കത്ത് നല്കുകയും ആയതിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സ്കൂളിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ പ്രൊബേഷൻ, പ്രമോഷൻ എന്നിവ സംബന്ധിച്ച് എത്ര അപേക്ഷകൾ ഉണ്ടെന്നും അതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദീകരിക്കാമോ; | (ബി) | ഹയർ സെക്കന്ററി വിഭാഗത്തിൽ 10 ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ഹയർ സെക്കന്ററി റീജിയണൽ ആഫീസിൽ അപേക്ഷകൾ ഉണ്ട്. ആയതിന്മേൽ നടപടി സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി വിഭാഗം) അനുമതിക്കായി റീജിയണൽ ആഫീസർ എ2/6718/2021 തീയതി 05.02.2022 കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ഹൈസ്കൂൾ വിഭാഗം ജീവനക്കാരുടെ പ്രൊബേഷൻ പ്രൊമോഷൻ എന്നിവ സംബന്ധിച്ച അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. |
| (സി) | സ്കൂൾ സർക്കാർ ഏറ്റെടുത്തതിനുശേഷം പ്രമോഷൻ - പ്രൊബേഷൻ എന്നിവയിൽ അന്തിമ തീരുമാനം എടുക്കേണ്ടത് ആരാണെന്ന് വ്യക്തമാക്കാമോ; | (സി) | സർക്കാർ ഉത്തരവിന് വിധേയമായി ഹൈസ്കൂൾ വിഭാഗത്തിലെ ജീവനക്കാരുടെ പ്രൊബേഷൻ, പ്രൊമോഷൻ എന്നിവയിൽ അന്തിമ തീരുമാനമെടുക്കേണ്ടത് കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടറും ഹയർ സെക്കന്ററി വിഭാഗത്തിലെ |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടേത് പൊതുവിദ്യാഭ്യാസ ഡയറക്ടറുമാണ്. |
| (ഡി) | പ്രസ്തുത സ്കൂൾ ഏറ്റെടുത്തതിനുശേഷം സ്കൂളിന്റെ മാസ്റ്റർ പ്ലാൻ അംഗീകാരത്തിനായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നടപടി എന്തായെന്ന് വ്യക്തമാക്കുമോ; | (ഡി) | മാസ്റ്റർ പ്ലാൻ അംഗീകാരത്തിനായി ലഭിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത സ്കൂളിലെ നിലവിലെ കെട്ടിടങ്ങളുടെ കാലപ്പഴക്കം പരിഗണിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഇക്കാര്യം സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ